**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5079** **20-03-2025 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിലെ ആദിവാസികൾ നൽകിയ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലാൻഡ് റവന്യൂ കമ്മീഷണർ, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ മന്ത്രി എന്നിവർക്ക് അട്ടപ്പാടിയിലെ ആദിവാസികൾ നൽകിയ പരാതിയിൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ഭൂമി പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളും വിവിധ സംഘടനകളും സമർപ്പിയ്ക്കുന്ന പരാതികളിന്മേൽ നടപടി സ്വീകരിയ്ക്കുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുള്ളതാണ്. ഇപ്രകാരം സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:<br><br>*1. ടി.എൽ.എ ഭൂമികൾ ആദിവാസികൾക്ക് വിട്ടു നൽകണം.*<br><br>2. ആദിവാസികൾ അല്ലാത്തവർക്ക് നികുതി രസീതും കൈവശരേഖയും നൽകരുത്.<br><br>3. പോലീസ് സാന്നിധ്യത്തിൽ ആദിവാസികളെ ഭീഷണിപ്പെടുത്തി ഭൂമി കയ്യേറരുത്.<br><br>4. ആദിവാസികൾക്ക് അനുകൂലമായി വിധിയായ ടി.എൽ.എ കേസുകളിൽ സമയക്രമം അനുസരിച്ച് നടപടി പൂർത്തിയാക്കണം.<br><br>5. ടി.എൽ.എ കേസിൽ ആദിവാസികൾക്ക് നഷ്ടമായ ഭൂമിക്ക് പകരം കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി നൽകാൻ നടപടി സ്വീകരിക്കണം.<br><br>6. കോട്ടത്തറ വില്ലേജിലെ വൻതോതിലുള്ള ആദിവാസി ഭൂമി കൈയ്യേറ്റം തടയണം.<br><br>7. വിവിധ ട്രസ്റ്റുകളും സൊസൈറ്റികളും അട്ടപ്പാടിയിൽ ഭൂമിക്ക് വ്യാജരേഖയുണ്ടാക്കിയതിനെക്കുറിച്ച് അന്വേഷണം നടത്തണം.<br><br>8. ആദിവാസികളുടെ കുടുംബഭൂമികൾ അടിയന്തരമായി അളന്നു തിരിച്ച് രേഖകൾ നൽകണം. അതിനുവേണ്ടിവരുന്ന ചെലവ് സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വകുപ്പ് നേരിട്ട് രജിസ്ട്രേഷൻ വകുപ്പിന് നൽകണം.<br>9. ആദിവാസികളുടെ ഭൂമിയിൽ കൃഷി ചെയ്യാൻ വേണ്ടി ട്രൈബൽ ഫണ്ട് (ടി.എസ്.പി) ഉപയോഗിച്ച് വാങ്ങിയ പമ്പ് സെറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. ഇതിലെ അഴിമതി അന്വേഷിക്കണം. ഇവ ആദിവാസികളുടെ കൃഷിക്ക് ഉപയോഗിക്കുന്നത് രീതിയിൽ പ്രവർത്തനക്ഷമമാക്കണം.<br>10. ആദിവാസികൾക്ക് ഗുണകരമല്ലാത്ത അട്ടപ്പാടി കോർപ്പറേറ്റീവ് സൊസൈറ്റിയിലെ ഭൂമികൾ അതിലെ അവകാശികൾക്കു വീതിച്ചു നൽകണം.<br>11. ആദിവാസി ഭൂമി അളന്നു തിരിച്ച് ഭൂരേഖകൾ നൽകുന്നതിന് അട്ടപ്പാടിയിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കണമെന്ന് ബഹു.ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കണം.<br>12. ദേശീയ അവാർഡ് നേടിയ നഞ്ചിയമ്മ ഉൾപ്പടെയുള്ള ആദിവാസികളുടെ ഭൂമിക്ക് വ്യാജരേഖ ഉണ്ടാക്കുന്നവരെ സഹായിക്കുന്ന ഉദ്യോഗസ്ഥരുടെയും പൊതുപ്രവർത്തകരുടെയും പേരിൽ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമ നിരോധന നിയമ പ്രകാരം കേസെടുക്കണം.<br>13. വ്യാജ ആധാരങ്ങൾ ശാസ്ത്രീയമായി പരിശോധിച്ച് അവയുടെ ഉറവിടം കണ്ടെത്തി, വ്യാജരേഖ ഉണ്ടാക്കിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അട്ടപ്പാടിയിലെ ഭൂമി കൈയ്യേറ്റം തടയുന്നതിനുമായി സമഗ്ര അന്വേഷണത്തിന് സർക്കാർ ഉത്തരവിടണം. |
| (ബി) | ഏതെല്ലാം ചാരിറ്റബിൾ സൊസൈറ്റികളുടെയും ഫാമുകളുടെയും പേരിൽ ആദിവാസി ഭൂമി കയ്യേറിയെന്നാണ് പരാതിയിൽ പരാമർശിച്ചിട്ടുള്ളത്; | (ബി) | അട്ടപ്പാടിയിൽ ചാലക്കുടി സനാതന ധർമ്മ ട്രസ്റ്റ്, അഗ്രി ഫാം പാലാരിവട്ടം നവജീവൻ ചാരിറ്റബിൾ ട്രസ്റ്റ്, വിദ്യാധിരാജ ട്രസ്റ്റ്, കോട്ടത്തറ അഗ്രി ഫാമിങ് സൊസൈറ്റി എന്നിവയുടെ പേരിൽ ഭൂമി കൈയ്യേറ്റം നടന്നുവെന്നാണ് പരാതിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. |
| (സി) | ചാരിറ്റബിൾ സൊസൈറ്റികളുടെയും ഫാമുകളുടെയും പേരിൽ ആധാരം ചമച്ചത് സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (സി) | അന്വേക്ഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ